## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3935 | 15/03/2017-ൽ മറുപടിക്ക്

### പമ്പാവാലി കേന്ദ്രീകരിച്ച് പുതിയ സെക്ഷനാഫീസ്

| | ചോദ്യം<br><br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | പെരുനാട് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ പമ്പാവാലി, കിഡുമം, നാറാണംകാട്, അറയാഞ്ഞിലി മണ്ണ് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ തങ്ങളുടെ വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾക്കായി ഇപ്പോൾ ഏത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനെയാണ് ആശ്രയിക്കുന്നത്; | (എ)<br>&<br>(ബി) | പമ്പാവാലി, കിഡുമം, നാറാണംകാട്, അറയാഞ്ഞിലി മണ്ണ് എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ തങ്ങളുടെ വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾക്ക് എരുമേലി സെക്ഷൻ ഓഫീസിനെയാണ് ആശ്രയിക്കുന്നത്. ഫെബ്രുവരി 2017 ലെ കണക്കുകൾ പ്രകാരം എരുമേലി സെക്ഷന്റെ കീഴിൽ 17593 ഉപഭോക്താക്കളും 785.69 കിലോമീറ്റർ എൽ റ്റി ലൈനുകളും 108.3 കിലോമീറ്റർ 11 kV ലൈനുകളുമാണ് ഉള്ളത്. |
| (ബി) | എരുമേലി സെക്ഷനു കീഴിൽ നിലവിൽ എത്ര ഉപഭോക്താക്കളും എത്ര കിലോ മീറ്റർ വൈദ്യുതി ലൈനുകളുമാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ; | | |
| (സി) | രണ്ട് ജില്ലകളിലുമായി നിരവധി ഉപഭോക്താക്കൾ ഉണ്ടെന്നിരിക്കെ മലയോര മേഖലകളിൽ വൈദ്യുതി തകരാർ ഉണ്ടായാൽ അത് പരിഹരിക്കുവാൻ ദിവസങ്ങൾ എടുക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. കനത്ത മഴ, പ്രകൃതി ക്ഷോഭം എന്നിങ്ങനെയുള്ള നിയന്ത്രണാതീതമായ സന്ദർഭങ്ങളിൽ ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളിലൊഴികെ മറ്റ് അവസരങ്ങളിലെല്ലാം സമയബന്ധിതമായി വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നുണ്ട്. |
| (ഡി) | ഇതിനു പരിഹാരമായി എരുമേലി സെക്ഷൻ ആഫീസ് വിഭജിച്ച് പമ്പാവാലി കേന്ദ്രീകരിച്ച് പുതിയ സെക്ഷനാഫീസ് ആരംഭിച്ചാൽ കിഴക്കൻ മലയോര മേഖലയിലെ ജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യും എന്ന കാര്യം പഠന വിധേയമാക്കിയിട്ടുണ്ടോ; | (ഡി)<br>&<br>(ഇ) | നിലവിലുള്ള എരുമേലി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് എരുമേലി സെക്ഷന്റെ കിഴക്കൻ മേഖലയിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി കണമല/ മുക്കൂട്ടുത്തറ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള |

(...2)

| | | | |
|---|---|---|---|
| (ഇ) | പമ്പാവാലി കേന്ദ്രീകരിച്ച് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ? | | പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. കസ്റ്റമർകെയർ സംവിധാനം ശക്തിപ്പെടുത്തി വിതരണമേഖല പുന:സംഘടിപ്പിക്കുന്നതിനാണ് ആലോചിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി മാത്രമേ പുതിയ സെക്ഷൻ നിർദ്ദേശവും പരിഗണിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ